I ഇ.ബി. XIV-കേരള നിയമസഭ /XIV-3

**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജനുവരി 30, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അറിയിപ്പ്

രക്തസാക്ഷി ദിനാചരണം

മി. സ്പീക്കർ: ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിച്ചുകൊണ്ട് രക്തസാക്ഷി ദിനമായ ഇന്ന് രാവിലെ 11.00 മണിക്ക് രണ്ടുമിനിട്ട് മൗനം ആചരിക്കുന്നതാണ്.

## II അടിയന്തരപ്രമേയം

### പ്രളയാനന്തര ദുരിതാശ്വാസ സഹായം

മി. സ്പീക്കർ: മഹാപ്രളയം കഴിഞ്ഞ് അഞ്ചരമാസമായിട്ടും പുനർനിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകാത്തതുകൊണ്ടും കൃഷിനാശം സംഭവിച്ചവർക്കും ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ടവർക്കും സർക്കാരിൽ നിന്നുള്ള നാമമാത്രമായ നഷ്ടപരിഹാരംപോലും ലഭിക്കാത്തതുകൊണ്ടും പ്രളയബാധിത പ്രദേശങ്ങളിലുണ്ടായ സാമ്പത്തിക തകർച്ചമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനം നേരിട്ട മഹാപ്രളയത്തെ കാര്യക്ഷമമായാണ് സർക്കാർ നേരിട്ടത്. ഏറ്റവും മുൻഗണന നൽകിക്കൊണ്ടാണ് പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. പ്രളയംമൂലം പൂർണ്ണമായി തകർന്ന വീടുകൾക്കുള്ള ആദ്യഗഡു സഹായം 9343 പേർക്ക് നൽകുകയും അവർ വീട് പണി

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 7428 പേർ സ്വയം വീട് നിർമ്മിക്കാമെന്ന് അറിയിക്കുകയും ബാക്കിയുള്ളവരുടെ വീടുകളുടെ നിർമ്മാണം സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മകളും കെയർ ഹോം സന്നദ്ധ സംഘടനകളും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഭാഗികമായി തകർന്ന വീടുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നും രണ്ടും വിഭാഗത്തിലുള്ളവർക്ക് പൂർണ്ണമായ സാമ്പത്തിക സഹായം നൽകുകയും ബാക്കിയുള്ളവർക്ക് ഫെബ്രുവരി 15-നകം അടുത്ത ഗഡു ഉൾപ്പെടെ പൂർണ്ണമായി ധനസഹായം വിതരണം ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അർഹരായ എല്ലാവരെയും ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ച് അപ്പീലുകളും പരാതികളുമായി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹരായവരുണ്ടെങ്കിൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ തയ്യാറാണ്. ഇതിനുപുറമേ എസ്.സി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 5,000 രൂപയും എസ്.ടി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 10,000 രൂപയുംവീതം പ്രത്യേക സഹായം നൽകിയതുൾപ്പെടെ ആകെ 42.5 കോടി രൂപയുടെ സഹായം ഈ വിഭാഗക്കാർക്ക് മാത്രമായി നൽകിയിട്ടുണ്ട്. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും ക്ഷീരകർഷകർക്കും ചെറുകിട-ഇടത്തരം

വ്യവസായ സംരംഭകർക്കുംവേണ്ടി ബാങ്കുകളുമായി സഹകരിച്ച് 'ഉജ്ജീവന സഹായ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ദുരന്തബാധിതർക്ക് രണ്ടുലക്ഷം രൂപവരെയുള്ള സഹായം ലഭ്യമാണ്. ഇതിന് അപേക്ഷ സമർപ്പിക്കുന്നതിന് 2019 ഏപ്രിൽവരെ സമയം നൽകിയിട്ടുണ്ട്. കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് 21.7 കോടി രൂപയും മത്സ്യബന്ധന മേഖലയിൽ 11.6 കോടി രൂപയും ദുരന്തരക്ഷാ പ്രവർത്തനത്തിലേർപ്പെട്ട് നാശനഷ്ടങ്ങളുണ്ടായ മത്സ്യത്തൊഴിലാളികൾക്ക് മൂന്നുകോടി രൂപയിലധികവും അനുവദിച്ചിട്ടുണ്ട്. നെൽകൃഷി നഷ്ടപ്പെട്ടവർക്ക് ഹെക്ടറിന് 13,500 രൂപവീതം നൽകിയതിനുപുറമെ പ്രളയം ബാധിച്ച പാടശേഖരങ്ങളിലെ പ്രളയജലം വറ്റിക്കാനും ചെളി നീക്കം ചെയ്യാനുമായി വേണ്ടിവന്ന തുകയും അനുവദിച്ചിട്ടുണ്ട്. 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറി കർഷകർക്കായി 92 കോടി രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 21.57 കോടി രൂപയുടെ നഷ്ടപരിഹാരവും നൽകിയിട്ടുണ്ട്. ഒരു വാഴ നശിച്ചാൽ കേന്ദ്ര വിഹിതത്തിന് പുറമേ സംസ്ഥാന വിഹിതമായി 96.40 രൂപയും ഇൻഷ്വർ ചെയ്ത വാഴയ്ക്ക് 300 രൂപയുമാണ് നൽകുന്നത്. പ്രളയാനന്തരമുള്ള പ്രവർത്തനങ്ങളിൽ സംസ്ഥാന

ഗവൺമെന്റ് വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്നും ഇത് സർക്കാരിന്റെ മുൻഗണനയിലുള്ള പ്രശ്നമല്ലെന്നുമുള്ള വാദം തികച്ചും അടിസ്ഥാന രഹിതമാണ്.

ശ്രീ. വി. ഡി. സതീശൻ: പ്രളയദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാൻ ഗവൺമെന്റ് തയ്യാറാകണം. ദുരന്തത്തിൽ തകർന്ന വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, റോഡുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളോ പുനർനിർമ്മാണമോ സർക്കാരിന്റെ മുൻഗണനാ ലിസ്റ്റിൽ പോലും ഉൾപ്പെടാത്ത അവസ്ഥയാണുള്ളത്. അടിയന്തര ധനസഹായമായി ഗവൺമെന്റ് പ്രഖ്യാപിച്ച 10,000 രൂപ ലഭിക്കുന്നതിന് അർഹതയുള്ള അനേകം പേർ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും കയറിയിറങ്ങുകയാണ്. ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ നിർണ്ണയിക്കുന്നതിൽ ഗുരുതരമായ പാളിച്ചയാണ് ഉണ്ടായിരിക്കുന്നത്. ആദ്യലിസ്റ്റിൽ പൂർണ്ണമായി തകർന്ന വീടുകളുടെയെണ്ണം 16,000 ആയിരുന്നത് രണ്ടാമത്തെ ലിസ്റ്റിൽ 13,000 ആയി കുറച്ചിരിക്കുകയാണ്. അർഹതയുള്ള എല്ലാവരും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതുവരെ ആദ്യ ലിസ്റ്റ് ക്ലോസ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിനും സ്കൂൾ കെട്ടിടങ്ങൾ, ലാബുകൾ, ഫർണിച്ചറുകൾ

തുടങ്ങിയവ പുന:സ്ഥാപിക്കുന്നതിനും തുക അനുവദിച്ചിട്ടില്ല. തകർന്ന നദീതീരങ്ങൾ കല്ലുകെട്ടി സംരക്ഷിക്കാൻ ജലവിഭവ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അവ വാങ്ങുന്നതിനായി കുടുംബശ്രീ അനുവദിക്കുന്ന ലോൺ അർഹതയുള്ള ഭൂരിഭാഗം പേർക്കും ലഭിച്ചിട്ടില്ല. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്ക് ലോൺ അനുവദിക്കുന്നതിന് ബാങ്കുകൾ തയ്യാറാകുന്നില്ല. പ്രളയകാലത്ത് ഗവൺമെന്റ് പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജ് കർഷകർക്ക് അനുവദിക്കുന്നതിനോ അതിനാവശ്യമായ പദ്ധതി തയ്യാറാക്കുന്നതിനോ സാധിച്ചിട്ടില്ല. ദുരന്തം അഭിമുഖീകരിക്കേണ്ടിവന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും പ്രഖ്യാപിച്ച 5,000 രൂപയുടെ ധനസഹായം ലഭിച്ചിട്ടില്ല. ക്ഷീരകർഷകർക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിന് സാധിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുൾപ്പെടെ പ്രളയദുരന്തം നേരിടുന്നതിന് ലഭിച്ച തുകയുടെ 25% പോലും ഇതുവരെ ചെലവഴിച്ചിട്ടില്ല. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ പണം കണ്ടെത്തുന്നതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ദുരന്തം അനുഭവിക്കേണ്ടിവന്ന ചെറുകിട-ഇടത്തരം കച്ചവടക്കാരെയും വ്യവസായ സംരംഭകരെയും സഹായിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. പണത്തിന്റെ വിനിമയം നടക്കാത്ത അവസ്ഥ

പ്രളയബാധിത പ്രദേശങ്ങളിൽ ഗുരുതരമായ സാമ്പത്തിക തകർച്ച ഉണ്ടാക്കിയിരിക്കുകയാണ്. പ്രളയബാധിത പ്രദേശങ്ങൾക്കായി ഒരു സ്റ്റിമുലസ് പാക്കേജ് തയ്യാറാക്കുന്നതിനും പ്രളയകാരണങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രളയദുരന്തം രൂക്ഷമായി അനുഭവിക്കേണ്ടിവന്ന കുടുംബങ്ങൾക്ക് കുടുംബശ്രീ വഴി ഇതുവരെ 922.94 കോടി രൂപ വായ്പയായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വീടുകളുടെ നിർമ്മാണങ്ങൾക്ക് 857.7 കോടി രൂപ ധനസഹായമായും അനുവദിച്ചതിനുപുറമേ 737575 ഗുണഭോക്താക്കൾക്ക് 6,200 രൂപ വീതം ആശ്വാസ ധനസഹായമായും നൽകിയിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള 2904 കോടി രൂപ വിവിധ ആവശ്യങ്ങൾക്കായി മാനദണ്ഡമനുസരിച്ചാണ് നൽകുന്നത്. പ്രളയദുരന്തത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ട് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. ദുരന്ത സാദ്ധ്യതകൾ പ്രവചിക്കാൻ ദേശീയ ദുരന്ത ആസൂത്രണ രേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് പ്രദേശവാസികൾക്ക്

എസ്.എം.എസ്. സന്ദേശങ്ങൾ അയയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതം കൂടി ഉൾപ്പെടുത്തിയാണ് കാർഷിക മേഖലയ്ക്ക് ധനസഹായം നൽകുന്നത്. പ്രളയത്തെത്തുടർന്നുള്ള പുനർനിർമ്മാണപ്രവർത്തനങ്ങൾ പൂർണ്ണമായും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാനുള്ള സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പരാതികളിൽ ഉന്നയിക്കുന്ന വിഷയങ്ങൾ പുന:പരിശോധിക്കുകയും പോരായ്മകൾ പരിഹരിച്ച് അർഹതപ്പെട്ടവരുടെ എണ്ണത്തിൽ മാറ്റം വരികയാണെങ്കിൽ അവർക്കുകൂടി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നതാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽ പ്രളയാനന്തര പുനർനിർമ്മിതിക്കുവേണ്ടി ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ മാതൃകാപരമാണ്. പ്രളയബാധിതരോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചുകൊണ്ട് പുനരധിവാസ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്താനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം

അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ ബലി അർപ്പിച്ചവരുടെ സ്മരണാർത്ഥം സഭാംഗങ്ങൾ രണ്ട് മിനിട്ട് എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംവരണം

ശ്രീ. ആർ. രാജേഷ്: കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രണ്ടും മൂന്നും സ്ട്രീമുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾക്കും സംവരണാർഹർക്കും നിയമാനുസൃത പ്രാതിനിധ്യം സംവരണത്തിലൂടെ ഉറപ്പാക്കണം. കെ.എ.എസ്. സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഐ.എ.എസ്. കൺഫർ ചെയ്യപ്പെടുമ്പോൾ സംവരണ വിഭാഗത്തിൽനിന്ന് ആളുകൾ ഇല്ലാതാകുന്ന സ്ഥിതി ഒഴിവാക്കുന്നതിന് എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തുകയും ബൈ ട്രാൻസ്ഫർ സംവരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഭരണഘടനാപരമായി സംവരണം ലഭ്യമാകേണ്ട പട്ടികജാതി പട്ടികവർഗ്ഗ

പിന്നോക്ക വിഭാഗങ്ങൾക്ക് കെ.എ.എസ്.-ൽ സംവരണം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിവിധ വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിലെ പത്ത് ശതമാനം ഉൾപ്പെടുത്തിയാണ് കെ.എ.എസ്. രൂപീകരിച്ചത്. നിലവിലുള്ള തസ്തികകളിൽനിന്ന് രൂപീകരിക്കുന്ന സർവ്വീസ് ആയതിനാൽ കെ.എ.എസ്.-ലേയ്ക്കുള്ള നിയമനം മൂന്ന് സ്ട്രീമുകളായി തിരിച്ചതിൽ രണ്ട് സ്ട്രീമുകൾ ജീവനക്കാരിൽനിന്ന് തസ്തികമാറ്റം വഴിയും ഒരു സ്ട്രീം നേരിട്ടുള്ള നിയമനത്തിനുമായി വ്യവസ്ഥചെയ്തു. തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കേണ്ടതില്ലെന്ന 2003-ലെ സർക്കുലറിന്റെയും ലഭ്യമായ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലാണ് കെ.എ.എസ്.-ലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണതത്വം ബാധകമാക്കാതിരുന്നത്. എന്നാൽ സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ ഉത്തരവുകളും ജനപ്രതിനിധികളുടെയും സംഘടനകളുടെയും നിവേദനങ്ങളും കണക്കിലെടുത്ത് എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്താനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

(2) സ്കോളർഷിപ് ആനുകൂല്യം

ശ്രീ. എം. വിൻസെന്റ് : പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ മെരിറ്റ് അടിസ്ഥാനത്തിൽ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ലഭ്യമാക്കുന്നതിനും  തീരദേശ മേഖലയിലെ  സ്വാശ്രയ കോളേജുകളെ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): പട്ടികജാതി വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾക്ക് വിധേയമായും അതേ നിരക്കിലുമാണ് ഫിഷറീസ് വകുപ്പ്  മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നത്. ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 09-09-2014-ലെ സർക്കാർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.  സ്വാശ്രയ ആർട്സ് & സയൻസ് കോളേജിൽ ഗവൺമെന്റ് സീറ്റുകളിൽ അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ആനുകൂല്യം നൽകുന്നതു സംബന്ധിച്ച്  പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടില്ല. പട്ടികജാതി വകുപ്പിന്റെ ഉത്തരവ് മാനദണ്ഡമാക്കി എടുത്തിരിക്കുന്നതിനാൽ മത്സ്യത്തൊഴിലാളി വകുപ്പിന് മാത്രമായി പുതുതായി

ആരെയും ഉൾപ്പെടുത്താൻ സാധിക്കുന്നതല്ല. സ്വാശ്രയ ആർട്സ് & സയൻസ് കോളേജിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി കൂടിയാലോചിച്ചാണ് ചെയ്യേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## IV സബ്മിഷൻ

### (1) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശഭൂമി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് കരം സ്വീകരിക്കുവാനുള്ള നീക്കം ഉപേക്ഷിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡും സമാന കമ്പനികളും കൈവശം വച്ചിരുന്ന 38000 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെ ഭൂമി കൈവശക്കാർ ഫയൽ ചെയ്ത കേസിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിനാണെന്നും കേരള ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഉത്തരവ് റദ്ദാക്കുകയാണെന്നും ഹർജിക്കാർക്ക് അനുകൂലമായ കണ്ടെത്തലുകൾ നടത്തിക്കൊണ്ടും ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധി

പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി. തള്ളിയ സാഹചര്യത്തിൽ ഡിവിഷൻ ബഞ്ചിന്റെ വിധിന്യായം റിവ്യൂ ചെയ്യുന്നതിന് സാധ്യതയില്ലെന്ന് നിയമോപദേശം ലഭിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ കരം അടച്ചുകിട്ടുന്നതിനായി കമ്പനികൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകൾക്ക് ഹൈക്കോടതി അനുകൂലമായ വിധി പ്രസ്താവിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് കരം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളെക്കുറിച്ച് പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) ചരക്ക് ഗതാഗത രംഗത്തെ പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: ചരക്ക് ഗതാഗത രംഗത്തെ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(പ്രസ്തുത സബ്മിഷനുള്ള മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്ത് വച്ചു.)

(3) വില്ലേജ് ഓഫീസ് അനുവദിക്കൽ

ശ്രീ. കെ. ജെ. മാക്സി: കണ്ണമാലി-ചെറിയകടവ് കേന്ദ്രീകരിച്ച് പുതിയ വില്ലേജ് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കൊച്ചി നിയോജകമണ്ഡലത്തിലെ കണ്ണമാലി-ചെറിയകടവ് പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വില്ലേജ് ഓഫീസ് ആവശ്യമാണെന്ന ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച് ഗ്രൂപ്പ് വില്ലേജുകളുടെ വിഭജന നടപടികൾ സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### (4) സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ

ശ്രീ. കെ. സി. ജോസഫ്: സി-ഡിറ്റിന്റെ പ്രവർത്തനങ്ങളിലുണ്ടാകുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും അവിടത്തെ ജോലികൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് തടയുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. പോരായ്മകൾ പരിഹരിക്കുന്നതിനും അവിടുത്തെ ജോലികൾ സ്വാകാര്യ മേഖലയ്ക്ക് കൈമാറുന്നത് തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ പ്രസ്തുത സ്ഥാപനത്തെ വിവരസാങ്കേതിക വിദ്യാ വകുപ്പിന്റെ ഭരണച്ചുമതലയിലേയ്ക്ക് മാറ്റി വിദഗ്ധരെ ഉൾപ്പെടുത്തി ഭരണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഐ.ടി.-കമ്മ്യൂണിക്കേഷൻ രംഗങ്ങളിൽ സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗ്രാന്റ്

അനുവദിക്കുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ഉപകരണങ്ങൾ ആധുനികവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ കാര്യാലയങ്ങളുടെ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുന്നതിനും ഹോളോഗ്രാം ലേബൽ, അതീവ സുരക്ഷാ സർട്ടിഫിക്കറ്റുകൾ, ഐ.ഡി. കാർഡുകൾ തുടങ്ങിയവ നിർമ്മിച്ചുനൽകുന്നതിനും പ്രളയാനന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ ഓൺലൈനായി ശേഖരിക്കുന്നതിനുള്ള പോർട്ടൽ എന്നിവ തയ്യാറാക്കുന്നതിനും സി-ഡിറ്റിന് സാധിച്ചിട്ടുണ്ട്. വിവരസാങ്കേതിക-കമ്മ്യൂണിക്കേഷൻ രംഗങ്ങളിലും സർക്കാർ വകുപ്പുകളുടെ സൈബർ സെക്യൂരിറ്റി കൈകാര്യം ചെയ്യുന്ന സ്ഥാപനമെന്ന നിലയിലും സി-ഡിറ്റിനെ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(5) <u>മൂർക്കനാട് നടപ്പാലം പുനർനിർമ്മാണം</u>

<u>ശ്രീ. പി. കെ. ബഷീർ</u>: പ്രളയദുരന്തത്തെ തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ തകർന്ന മൂർക്കനാട് നടപ്പാലം പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): 2018-ലെ മഹാപ്രളയത്തിൽ മൂർക്കനാട് നടപ്പാലം അറ്റകുറ്റപ്പണി ചെയ്യാൻ സാധിക്കാത്ത വിധം തകർന്നുപോകുകയുണ്ടായി. പാലത്തിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി

സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

(6) കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

ശ്രീമതി ഇ. എസ്. ബിജിമോൾ: 2015-ലെ സർക്കാർ ഉത്തരവിലെ അവ്യക്തത പരിഹരിച്ച് ഏലം കൃഷിക്കാർക്ക് കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും കുത്തകപ്പാട്ട ഭൂമിയുടെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഏലക്കൃഷി വ്യാപനവും വളർച്ചയും സുസ്ഥിരതയും ലക്ഷ്യംവച്ച് 1965-ൽ നിലവിൽ വന്ന കാർഡമം ആക്ടനുസരിച്ച് ഏലം കൃഷിക്കാർക്ക് സ്ഥിരം കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. 1994-ലെ ഉത്തരവനുസരിച്ച് കാർഡമം രജിസ്ട്രേഷന് അപേക്ഷിക്കാനുള്ള കാലാവധി 31-12-94 വരെ നിജപ്പെടുത്തിയിരുന്നു. പ്രസ്തുത കാലയളവിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത എസ്റ്റേറ്റ് ഉടമകൾ സമയപരിധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് 31-3-2017 വരെ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. 24-4-2015-ലെ ഉത്തരവനുസരിച്ച് കാർഡമം രജിസ്ട്രേഷനുള്ള കാലാവധി 8 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിലുള്ള 2015-ലെ സർക്കാർ ഉത്തരവിലെ അവ്യക്തത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാനുള്ള സമയം

30-1-2019 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിനും കുത്തക പാട്ടം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഉന്നതതല ചർച്ച നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(7) സർവ്വകലാശാല അസിസ്റ്റന്റ് നിയമനം

ശ്രീ. ഒ. രാജഗോപാൽ: സർവ്വകലാശാലകളിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് യഥാസമയം നിയമനം നടത്താനും സർവ്വകലാശാലകളിലെ പിൻവാതിൽ നിയമനം സംബന്ധിച്ച് അന്വേഷണം നടത്താനും നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി. മുഖേനയാക്കി 2015-ൽ സർക്കാർ നിയമം പാസ്സാക്കുകയും 26-2-2016-ൽ ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 10-8-2016-ലെ റാങ്ക് ലിസ്റ്റിൽ നിന്ന് 1768 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. സർവ്വകലാശാലകളിൽ നിലവിലുള്ള 10 വേക്കൻസികൾ

എത്രയും പെട്ടെന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(8) <u>നഷ്ടപരിഹാരം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: ആസിഡ് ആക്രമണത്തിന് ഇരയാകുന്നവർക്ക് കോമ്പൻസേഷനും പെൻഷൻ സ്കീമും നടപ്പാക്കാനും ആസിഡ് വില്പന നിയന്ത്രിക്കാനും സർക്കാർ തയ്യാറാകണം. രാമമംഗലത്ത് ആസിഡ് ആക്രമണത്തിനിരയായ സ്മിതയുടെയും നാല് കുട്ടികളുടെയും ചികിത്സാച്ചെലവ് സർക്കാർ വഹിക്കുന്നതോടൊപ്പം കേസ്സിലെ പ്രതികൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): 2019 ജനുവരി 17-ന് ആസിഡ് ആക്രമണത്തിനിരയായവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. 2017-ൽ ആസിഡാക്രമണത്തിന് വിധേയരാകുന്നവർക്ക് വിക്റ്റിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിക്കണമെന്നാവശ്യപ്പെട്ട് ആഭ്യന്തര വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിനുശേഷം സാമൂഹ്യനീതി വകുപ്പിൻ കീഴിൽ 2018 ഡിസംബറിൽ ആശ്വാസ നിധി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് വിക്റ്റിംസിന് ഒരു ലക്ഷം രൂപ ഉടൻ നൽകാനും പരിക്കിന്റെ തീവ്രതയനുസരിച്ച് രണ്ട് ലക്ഷം രൂപ വരെ നൽകാനും തീരുമാനിച്ചിട്ടുണ്ട്. ജില്ലയിലെ വനിതാ സംരക്ഷണ ഓഫീസറുടെയും ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്മിതയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഒരു ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റ കുട്ടിക്ക് രണ്ട് ലക്ഷം രൂപയും മറ്റ് കുട്ടികൾക്ക് ഓരോ ലക്ഷം രൂപയും നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ആക്രമണത്തിന് വിധേയരായവരുടെ ചികിത്സാച്ചെലവ് പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കുന്നതിനോടൊപ്പം വിദഗ്ദ്ധ ചികിത്സ ആവശ്യമെങ്കിൽ അക്കാര്യവും പരിഗണിക്കും. ഇവർക്ക് പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കാവുന്നതാണ്.

(9) <u>പരപ്പനങ്ങാടി ഹാർബർ നിർമ്മാണം</u>

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും മത്സ്യബന്ധന സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഉതകുന്ന രീതിയിൽ പരപ്പനങ്ങാടി ഹാർബർ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: 2016-ൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച്

സാങ്കേതിക തടസ്സങ്ങൾ പൂർത്തീകരിച്ച പരപ്പനങ്ങാടി ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): പരപ്പനങ്ങാടി ഹാർബറിന്റെ നിർമ്മാണത്തിന് 50 വർഷങ്ങൾക്കുമുമ്പ് തറക്കല്ലിട്ടെങ്കിലും 2004-ലാണ് ഭരണാനുമതി ലഭിച്ചത്. പദ്ധതിക്കുവേണ്ടി പ്രത്യേക ഫണ്ട് വകയിരുത്താതിരുന്നതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന് തത്വത്തിൽ ഭരണാനുമതി നൽകിക്കൊണ്ടും പ്രസ്തുത പദ്ധതിയെ കിഫ്ബി ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.സി.എ.ഡി.സി.-യെ എസ്.പി.വി. ആക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവായി. 2019-ൽ നടന്ന കിഫ്ബി ഡയറക്ടർ ബോർഡ് യോഗത്തിൽ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം 3 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

(10) വന്യമൃഗ ആക്രമണം

ശ്രീ. ടി. വി. രാജേഷ്: മലയോര മേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണം

തടയുന്നതിനും ആക്രമണത്തിന് വിധേയരാവർക്ക് നഷ്ടപരിഹാരത്തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും സോളാർ ഫെൻസിംഗ് കെട്ടുന്നതിന് സബ്സിഡി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ആവാസ വ്യവസ്ഥയുടെ ശോഷണം, കാലാവസ്ഥാ വ്യതിയാനം, മാറിയ കൃഷി രീതികൾ, വന്യമൃഗ ഇടനാഴികളുടെ അഭാവം, വനം കയ്യേറ്റം, തുടങ്ങിയവയാണ് വന്യജീവി ആക്രമണം രൂക്ഷമാകുന്നതിനുള്ള പ്രധാന കാരണം. പ്രതിവർഷം ശരാശരി ഇരുപതിലധികം പേർ വന്യജീവി ആക്രമണംമൂലം കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും വലിയ തോതിൽ കൃഷി നാശം സംഭവിക്കുകയും ചെയ്യുന്നുണ്ട്. വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സൗരോർജ്ജ വേലി, ആനപ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ തുടങ്ങി നിരവധി പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ കുങ്കിയാനകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതോടൊപ്പം കൂടുതൽ ആനകളെ തെരഞ്ഞെടുത്ത് കുങ്കി പരിശീലനം നൽകി പ്രശ്നബാധിത പ്രദേശങ്ങളിൽ വിന്യസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. വയനാട്, പാലക്കാട് മേഖലകളിൽ സ്ഥിരമായി ആക്രമണം നടത്തുന്ന കാട്ടാനകളെ നിരീക്ഷിക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ

ജനങ്ങൾക്ക് സന്ദേശം നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്താൻ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രശ്നബാധിത മേഖലയിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ ശാക്തീകരിക്കുന്നതിനും പുതിയ ദ്രുതകർമ്മ സേനകൾ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയെ കിഫ്ബി ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾക്കായി നൂറ് കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വന്യജീവി സംഘർഷം രൂക്ഷമായ വനപ്രദേശങ്ങളിൽ നിന്ന് നാനൂറോളം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുകയും കൂടുതൽ പേരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വന്യജീവി ആക്രമണത്തിന് വിധേയരാകുന്നവർക്കുള്ള നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## V മേശപ്പുറത്തുവച്ച കടലാസുകൾ

സാമ്പത്തിക അവലോകനം-2018, ലിസ്റ്റ് 1, ലിസ്റ്റ് 2 - ചട്ടം 47(2), ലിസ്റ്റ് 3-ചട്ടം 236(5), ലിസ്റ്റ് 4-ചട്ടം 236(6) അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. കെ. വി. അബ്ദുൾഖാദർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും പുരോഗമനപരമായ വികസനപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 170 പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനും രണ്ടാം ഘട്ടമെന്ന നിലയിൽ 503 പി.എച്ച്.സി.-കൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. സമഗ്ര വികസന പദ്ധതികളുമായി മുന്നോട്ടുപോകുന്ന സർക്കാർ പ്രവർത്തനങ്ങൾക്കെതിരെ പ്രതിപക്ഷാംഗങ്ങൾ സ്വീകരിക്കുന്ന വിമർശനാത്മക നിലപാട് അവസാനിപ്പിക്കാൻ തയ്യാറാകണം.

ശ്രീ. എ. പി. അനിൽ കുമാർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ-ആരോഗ്യ-കൃഷി ഉൾപ്പെടെയുള്ള മേഖലകളിലെ സമഗ്രവികസനം എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണ നേട്ടമാണെന്ന അവകാശവാദം അടിസ്ഥാനരഹിതമാണ്. നവോത്ഥാനത്തെയും സ്ത്രീ മുന്നേറ്റത്തെയും ശബരിമല വിഷയത്തെയും വ്യത്യസ്തമായ കാഴ്ചപ്പാടോടുകൂടി കാണാൻ തയ്യാറാകണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രളയാനന്തര കേരളത്തെ കെട്ടിപ്പടുക്കാനുള്ള ക്രിയാത്മകമായ നടപടികളിലേയ്ക്ക് വിരൽ ചൂണ്ടുന്നതാണ് ഗവർണ്ണറുടെ നയപ്രഖ്യാപനം. ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളും ഉത്തരവാദിത്വവും രാജ്യത്തിന്റെ മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കപ്പെടേണ്ടതാണ്.

ശ്രീ. ഒ. രാജഗോപാൽ: ശബരിമലയിലെ ആചാരങ്ങളും സമ്പ്രദായങ്ങളും അറിയാത്തവരാണ് ലിംഗസമത്വത്തിന്റെ പേരിൽ കേസ് നൽകിയിട്ടുള്ളത്. കേരളത്തിലെ വിശ്വാസികളായ സ്ത്രീകൾ കോടതിവിധിയെ അനുകൂലിക്കുന്നില്ല. അവിശ്വാസികളായ കുറെ ആളുകൾ പരമ്പരാഗതമായ വിശ്വാസപ്രമാണങ്ങളെ ചോദ്യം ചെയ്യുകയും നാമജപത്തെ കലാപമെന്ന് പറഞ്ഞ് ദുർവ്യാഖ്യാനം നടത്തുകയുമാണ് ചെയ്യുന്നത്.

ശ്രീ. മോൻസ് ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷിക മേഖലയെ പൂർണ്ണമായും അവഗണിച്ചതിൽ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ഒരു സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കുന്നതിനും റബ്ബറിന്റെ അടിസ്ഥാന വില 200 രൂപയായി

വർദ്ധിപ്പിക്കുന്നതിനും നെൽ കർഷകർക്ക് നൽകാനുള്ള ഉത്പാദന ബോണസ്സ് നൽകുന്നതിനും നടപടി സ്വീകരിക്കണം. പ്രളയാനന്തര കഷ്ടതയനുഭവിക്കുന്ന ക്ഷീരകർഷർകരെ സഹായിക്കുന്നതിന് സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കണം. ഒരു വർഷത്തേയ്ക്ക് കാർഷിക കടങ്ങൾക്ക് ഏർപ്പെടുത്തിയ മൊറട്ടോറിയത്തിന്റെ സമയപരിധി ദീർഘിപ്പിക്കുന്നതിനും മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടും ജപ്തിനടപടികളുമായി മുന്നോട്ട് പോകുന്ന ബാങ്ക് നടപടികൾ നിർത്തി വയ്ക്കുന്നതിനും മുഖ്യമന്ത്രിയുടെ ഇടപെടലുണ്ടാകണം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ശക്തമായ നിലപാടുകളുമായി സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളുടെ വികസനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിച്ചാണ് സർക്കാർ മുന്നോട്ട് പോകുന്നത്. യുദ്ധകാലാടിസ്ഥാനത്തിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനായി ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിച്ചുകൊണ്ടും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും കുടിവെള്ള വിതരണത്തിനും സർക്കാർ നടത്തിയ ഇടപെടൽ പ്രശംസനീയമാണ്. ആരോഗ്യ മേഖലയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ മികച്ച ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനും ട്രോമാ കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ് എന്നിവ ആരംഭിക്കാനും സാധിച്ചു.

കേരളത്തിലെ തൊഴിലന്വേഷകരെ സഹായിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ASAP-ന്റെ സ്കിൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. സൗരോർജ്ജ പദ്ധതിയിലൂടെ 132 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനും പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്താനും മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരുജ്ജീവിപ്പിക്കാനും പവർക്കട്ട് ഇല്ലാതാക്കാനും സാധിച്ചത് വൈദ്യുതി മേഖലയിലെ നേട്ടങ്ങളാണ്. സമഗ്ര വിദ്യാഭ്യാസ യജ്ഞത്തിലൂടെ എൽ.കെ.ജി. തലം മുതൽ മികച്ച വിദ്യാഭ്യാസം ഉറപ്പാക്കാൻ സാധിച്ചു.

<u>ശ്രീ. എം. ഉമ്മർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നവോത്ഥാനത്തിന്റെ പേരിൽ സർക്കാർ നടപ്പാക്കിയ വനിതാ മതിലെന്ന പരിപാടി പൂർണ്ണ പരാജയമാണെന്നു മാത്രമല്ല ചരിത്രത്തിലെ നവോത്ഥാനത്തെ പരിഹസിക്കുന്ന നടപടിയായി മാത്രമേ ഇതിനെ കാണാൻ സാധിക്കൂ.

<u>ശ്രീ. കാരാട്ട് റസാഖ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുന്ന സമയത്തൊക്കെ മുസ്ലീം ലീഗുകാർ നടത്തുന്ന കുപ്രചരണങ്ങൾ അവസാനിപ്പിക്കണം. ഈ സർക്കാർ എല്ലാ മേഖലയിലും വികസനപരമായ മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട്. കേരളത്തിന്റെ പുന:സൃഷ്ടിക്കായുള്ള എല്ലാ പ്രവർത്തനങ്ങൾക്കും കക്ഷി

രാഷ്ട്രീയത്തിനതീതമായ സഹകരണമുണ്ടാകണം.

ശ്രീ. അനൂപ് ജേക്കബ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. പൊള്ളയായ പ്രഖ്യാപനങ്ങളാണ് നയപ്രഖ്യാപനത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ നയപ്രഖ്യാപനത്തിൽ സ്വകാര്യ/അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മിനിമം വേതനം സംബന്ധിച്ച് ആക്ട് ഉണ്ടാക്കുമെന്ന് പറഞ്ഞിരുന്നത് പരിശോധിക്കണം. സംസ്ഥാനത്തെ ക്രമസമാധാനപാലനം പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. റബ്ബറിന്റെ അടിസ്ഥാന വില വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ യാതൊരു അനുകൂല സമീപനവും സ്വീകരിച്ചിട്ടില്ല.

ശ്രീ. എം. സ്വരാജ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രതിപക്ഷാംഗങ്ങൾക്ക് സർക്കാരിനെതിരെ ഗൗരവമുള്ള ഒരു വിമർശനവും മുന്നോട്ടുവയ്ക്കാൻ സാധിച്ചിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ പുതിയ സമീപനത്തോടുകൂടിയുള്ള ഇടപെടൽ, ഒരു ആദിവാസി കുടുംബത്തിലെ ഒരാൾക്ക് ജോലി തുടങ്ങിയ പ്രഖ്യാപനങ്ങളെല്ലാം സ്വാഗതാർഹമാണ്. അവസര സമത്വത്തിന്റെയും തുല്യാവകാശത്തിന്റെയും ഭരണഘടനാ അവകാശങ്ങളെ ഉയർത്തിപ്പിടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.

ശ്രീ. എം. വിൻസെന്റ് : നന്ദിപ്രമേയത്തെ എതിർക്കുന്നു. ലൈഫ് മിഷനിലൂടെ ഭവനരഹിതർക്കായി 432000 വീടുകൾ പുതുതായി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ഒന്നുപോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഓഖി ദുരന്തത്തിൽപ്പെട്ടവർക്കായി 2,000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല.

ശ്രീ. കെ. രാജൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രളയാനന്തര കേരളത്തെ പുനരുദ്ധരിക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ ശ്രമങ്ങളെ എതിർക്കുന്ന നിലപാടാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും സ്വീകരിച്ചിരിക്കുന്നത്. 45000-ത്തോളം സ്മാർട്ട് സ്കൂളുകൾ നിലവിൽവന്നതോടുകൂടി ഇന്ത്യയിലെ ആദ്യത്തെ ഹൈടെക് സംസ്ഥാനമായി കേരളം മാറി. പ്രളയാനന്തര കേരളത്തിൽ 'പുനർജ്ജനി' പോലുള്ള പദ്ധതികളിലൂടെ ധാരാളം വികസന പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പാക്കി. സാമൂഹിക- സാമ്പത്തിക മേഖലകളിൽ മാറ്റങ്ങളുണ്ടായതും മുടക്കംകൂടാതെ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ സാധിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്തെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനത്തിലൂടെ ഗവൺമെന്റ് സ്കൂളുകളുടെ നിലവാരം ഉയർത്താൻ സാധിച്ചതും

കിഫ്ബിയിലുൾപ്പെടുത്തി 41,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതും പ്രശംസനീയമാണ്. 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബക്ഷേമ കേന്ദ്രങ്ങളായി നവീകരിച്ചതും ഗെയിൽ പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കിയതും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയതും ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. പട്ടികജാതി വിഭാഗത്തിലുള്ളവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി 250 പേരെ സർക്കാർ ഏജൻസികളിലൂടെ വിദേശരാജ്യത്ത് അയച്ച് പഠിപ്പിക്കാൻ തയ്യാറായത് സ്തുത്യർഹമാണ്. യാത്രാക്ലേശം ഒഴിവാക്കുന്നതിനായി വെട്ടിക്കുറച്ച കെ.എസ്.ആർ.ടി.സി. ലോക്കൽ ബസ്സുകൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കൃഷ്ണൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രകൃതി ദുരന്തങ്ങളെ അതിജീവിച്ച് പ്രഖ്യാപിത നയങ്ങളെ പ്രവൃത്തിപഥത്തിലെത്തിച്ച് മുന്നേറുന്ന ഗവൺമെന്റിന്റെ നേട്ടങ്ങൾ പ്രശംസനീയമാണ്. റോഡുകളും പാലങ്ങളും കെട്ടിടങ്ങളും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളുമെല്ലാം ത്വരിതഗതിയിൽ നടപ്പിലാക്കി. മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിച്ചതും മലയോര-തീരദേശ ഹൈവേകളുടെയും ദേശീയ ജലപാതയുടെയും നിർമ്മാണത്തിന്

തുക വകയിരുത്തിയതും ഗെയിൽ പൈപ്പ്ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടത്തുന്ന ശ്രമങ്ങളും ഗവൺമെന്റിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതും താലൂക്ക് ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായി ഉയർത്തിയതും ഇ.എസ്.ഐ. ഹോസ്പിറ്റലുകൾ സൂപ്പർ സ്പെഷ്യാലിറ്റി ക്ലിനിക്കുകളാക്കി മാറ്റാൻ തീരുമാനിച്ചതും സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അസംഘടിത മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആശാവർക്കർമാർ, അങ്കണവാടി ടീച്ചർമാർ/ഹെൽപ്പർമാർ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ചതും സെയിൽസ് പേഴ്സൺസിന് പ്രവൃത്തി സമയങ്ങളിൽ ഇരിപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ട നിയമനിർമ്മാണം നടത്തിയതും ശ്ലാഘനീയമാണ്.

ഡോ. എം. കെ. മുനീർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ആദ്യമായി ട്രാൻസ്ജെൻഡർ പോളിസി അവതരിപ്പിച്ചതും വികലാംഗരുടെ സെൻസസ് എടുക്കുന്നതിന് നടപടി സ്വീകരിച്ചതും കണ്ണൂർ എയർപോർട്ടിന്റെ പ്രവൃത്തി ആരംഭിച്ചതും യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ക്രൗഡ് ഫണ്ടിംഗിനായി ആരംഭിച്ച വെബ്സൈറ്റ്, മൊബൈൽ ആപ്പ് എന്നിവ സംബന്ധിച്ചും ലോക ബാങ്കിൽനിന്നും സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും വ്യക്തത വരുത്തണം. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് അവ നിർമ്മിച്ചുനൽകാനോ അവരെ പുനരധിവസിപ്പിക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല.

ശ്രീ. എ. പ്രദീപ് കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നിപ വൈറസ് ബാധ, ഓഖി, മഹാ പ്രളയം തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. പ്രളയത്തകർച്ചയിൽനിന്ന് കേരളത്തെ പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ്-ന് തുടക്കം കുറിച്ചിട്ടുള്ളത്. വികസനത്തിന്റെ കാര്യത്തിൽ ഓരോ മേഖലയിലും

അനുയോജ്യമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും സാധിച്ചു. കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ കാഴ്ചപ്പാടോടുകൂടിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നന്ദിപ്രമേയത്തെ എതിർക്കുന്നു. സമസ്ത രംഗങ്ങളിലും പരാജയപ്പെട്ട സർക്കാരിന്റെ നയപ്രഖ്യാപനമാണ് ഗവർണർ നടത്തിയത്. ധൂർത്തും അഴിമതിയും സ്വജനപക്ഷപാതവുമാണ് സർക്കാരിന്റെ മുഖമുദ്ര. ഫണ്ടിന്റെ അഭാവത്താൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് പൊതുവിപണിയിൽ ഇടപെടാൻ കഴിയുന്നില്ല. ഓഖി, പ്രളയം തുടങ്ങിയ മഹാ ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പുകൾ ലഭിച്ചിട്ടും മതിയായ മുൻകരുതലുകൾ എടുക്കാതിരുന്നതിനാൽ നിരവധി ആളുകൾക്ക് ജീവനും സ്വത്തും നഷ്ടമാകുകയുണ്ടായി. പ്രളയാനന്തര പ്രവർത്തനങ്ങളിൽ സർക്കാരിന് തികഞ്ഞ പരാജയമാണുണ്ടായത്.

ദുരിതാശ്വാസ പ്രവർത്തനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. തീരദേശ മേഖലയ്ക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ രണ്ടായിരം കോടി രൂപ ചെലവഴിച്ചിട്ടില്ല. ഓഖി ദുരന്തത്തിൽപ്പെട്ടവർക്ക് തൊഴിലും മത്സ്യബന്ധനയാനങ്ങൾക്ക് നാവിക ഉപകരണങ്ങൾ സൗജന്യമായി നൽകുമെന്നുള്ള പ്രഖ്യാപനവും പ്രാവർത്തിക മാക്കിയില്ല. പൊതുകടം വർദ്ധിച്ചെങ്കിലും അതിനാനുപാതികമായ വികസനപ്രവർത്തനങ്ങൾ നടത്താനോ പ്രവർത്തനങ്ങൾക്കായി നീക്കിവച്ച തുക ചെലവഴിക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. വൻകിട പദ്ധതികളെല്ലാം അവതാളത്തിലായിരിക്കുകയാണ്. പ്രവാസി ചിട്ടി, ലൈഫ്, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടങ്ങിയവയെല്ലാം കടലാസ് പദ്ധതികളായി മാറിയിരിക്കുകയാണ്. ആദിവാസി മേഖലകളിൽ ശിശുമരണങ്ങൾ തുടരുമ്പോഴും പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി നീക്കിവച്ച തുക ചെലവഴിക്കുന്നില്ല. സംസ്ഥാനത്തെ ക്രമസമാധാന നില തകരാറിലായതിനു പുറമെ സമസ്ത മേഖലകളിലും സംസ്ഥാനം പിന്നോട്ടുപോകുന്ന സ്ഥിതിവിശേഷമാണുള്ളത്. സംസ്ഥാനഭരണം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർക്കാരിന്റെ ഓരോ വർഷത്തെയും പ്രോഗ്രസ് റിപ്പോർട്ടാണ് നയപ്രഖ്യാപന രൂപേണ ഇവിടെ

അവതരിപ്പിക്കപ്പെടുന്നത്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 108 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം, കടൽസുരക്ഷാ സ്ക്വാഡ്, മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം, മത്സ്യബന്ധന യാനങ്ങളിൽ കടൽ സുരക്ഷ ഉപകരണങ്ങൾ, സൗജന്യ വിദ്യാഭ്യാസ പാക്കേജ്, മറൈൻ ആംബുലൻസുകൾ, വീട് നിർമ്മാണം, സാറ്റലൈറ്റ് ഫോൺ, ലൈഫ് ജാക്കറ്റ്, ഭാഗികമായി തകർന്ന വീടുകളുടെ കേടുപാടുകൾ തീർക്കൽ തുടങ്ങിയവയ്ക്കായി 76,18,00,000 രൂപയും മരണപ്പെട്ടവരുടെയും കാണാതായവരുടെയും കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം, റേഷൻ വിതരണം തുടങ്ങിയവയ്ക്കായി 110,84,00,000 രൂപയും ആവശ്യമാണ്. പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച ആദ്യഘട്ട ആശ്വാസ നടപടികളും ദീർഘകാല പദ്ധതികളും സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്. പ്രളയ ദുരന്തത്തിൽപ്പെട്ട 6,87,843 പേർക്ക് അടിയന്തര നഷ്ടപരിഹാര തുകയും 1050838 പേർക്ക് അവശ്യസാധനങ്ങളുടെ കിറ്റും കന്നുകാലികൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. വീടുകൾ പൂർണ്ണമായും തകർന്ന 13362 കുടുംബങ്ങൾക്ക് ആദ്യഗഡു ധനസഹായം നൽകുന്നതിനും ഗൃഹനിർമ്മാണം ഈ വർഷം ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭാഗികമായി തകർന്ന വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള മുഴുവൻ തുകയും ഫെബ്രുവരി 15-ാം തീയതിക്കകം വിതരണം ചെയ്യുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിലെ ചെറുകിട വ്യവസായ സംരംഭകർക്കും മറ്റും ഉപജീവന മാർഗ്ഗം പുനരാരംഭിക്കുന്നതിന് ബാങ്ക് വായ്പയ്ക്ക് മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും 'ഉജ്ജീവന സഹായ പദ്ധതി' ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷിഭൂമി നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം നൽകുന്നതിനും കൃഷിനാശം സംഭവിച്ച കർഷകരുടെ വായ്പയ്ക്ക് ഒരു വർഷത്തെ മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും എസ്.ഡി.ആർ.എഫ്.-ൽനിന്ന് ധനസഹായം വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട പ്രളയബാധിതർക്ക് സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനും ദുരിതബാധിതർക്കായി 'Resurgent Kerala loan scheme' എന്ന പലിശരഹിത വായ്പാ പദ്ധതി ആവിഷ്കരിക്കുന്നതിനും 94891 പേർക്ക് പ്രസ്തുത വായ്പ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala initiative) രൂപകൽപ്പന ചെയ്യുന്നതിലേയ്ക്കായി നൂതന വികസന ആശയങ്ങളും വിദഗ്ദ്ധ ഉപദേശങ്ങളും ലഭ്യമാക്കി അവ അർത്ഥവത്തായി സമന്വയിപ്പിക്കുന്നതിന്റെ ഭാഗമായി വികസന സെമിനാറുകളും ഹാക്കത്തോണുകളും സംഘടിപ്പിക്കുന്നതിനും സ്കൂൾ-കോളേജ് തലങ്ങളിൽനിന്ന് അനുയോജ്യമായ പ്രോജക്ടുകൾ

ഏറ്റെടുക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ബോട്ടുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനായി അപേക്ഷ നൽകിയവർക്കെല്ലാം ധനസഹായം അനുവദിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ജില്ലാ കളക്ടർമാർക്കെല്ലാം സാറ്റലൈറ്റ് ഫോൺ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ പ്രദേശങ്ങളിലെയും ദുരന്ത സാധ്യതയുടെ പ്രവചനം കേന്ദ്ര ഏജൻസികളിൽനിന്നും എസ്.എം.എസ്. സന്ദേശങ്ങളായി ലഭിക്കുന്നതിന് ലൊക്കേഷൻ ബേസ്ഡ് മെസ്സേജിംഗ് സിസ്റ്റം എന്ന സാങ്കേതിക വിദ്യ കേന്ദ്ര ദുരന്തനിവാരണ അതോറിറ്റി സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളുടെ ഭൂപടം, വെള്ളം കയറിയ ഉയരമുൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ തയ്യാറാക്കാൻ സംസ്ഥാനത്തെ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എം.ജി. യൂണിവേഴ്സിറ്റി, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും പൊതുജന പങ്കാളിത്തത്തിന് മൊബൈൽ ആപ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് വിവരങ്ങൾ ലഭ്യമാക്കാനായി ആകാശവാണിയുടെ മിഡീയം വേവ് സംവിധാനം

പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ 7 ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സഹായമേകാൻ അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ എയർപോർട്ട് എല്ലാ സൗകര്യങ്ങളോടുംകൂടി യാഥാർത്ഥ്യമാക്കാനും പ്രവാസി ചിട്ടി പ്രാവർത്തികമാക്കാനും സാധിച്ചിട്ടുണ്ട്. മുൻ കാലങ്ങളിൽ പണി മുടങ്ങിക്കിടന്ന 50000 വീടുകളുടെ പൂർത്തീകരണമുൾപ്പെടെ ലൈഫ് മിഷൻ പദ്ധതി അടുത്ത വർഷം പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനുള്ള നടപടിയുമായാണ് മുന്നോട്ടുപോകുന്നത്. ഹരിതകേരളം മിഷന്റെ പ്രവർത്തന ഫലമായി തോടുകളും കുളങ്ങളും കിണറുകളും നവീകരിക്കുകയും 8675 പുതിയ കുളങ്ങൾ നിർമ്മിക്കുകയും 48936 കിണറുകൾ റീച്ചാർജ് ചെയ്യുകയും ചെയ്തു കൂടാതെ പൊതുജന പങ്കാളിത്തത്തോടെ നിരവധി തോടുകളും നദികളും പുനരുജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ ശാക്തീകരിക്കുകയും 45000 ക്ലാസ് മുറികൾ ഹൈടെക് ആയി ഉയർത്തുകയും ചെയ്തു. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി

ഉയർത്തിയതിനോടൊപ്പം 500-ലധികം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനവും ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ആധുനിക സംവിധാനവും ഒരുക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് മുൻഗണന നൽകുന്ന സമീപനം സ്വീകരിക്കുകയും കെ.എ.എസ്. ഉൾപ്പെടെ എല്ലാ മേഖലകളിലും സംവരണം ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന നിർമ്മാണം പുരോഗമിക്കുകയാണ്. ശബരിമല വിഷയം സംബന്ധിച്ച സുപ്രീംകോടതി വിധി നടപ്പാക്കാനും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനും സർക്കാർ ബാധ്യസ്ഥമാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച നന്ദിപ്രമേയം 33-നെതിരെ 81 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.19-ന് പിരിഞ്ഞു.

**********